# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: P11.996/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: P11.996/2021 തീയ്യതി: 04/10/2021

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി.ഐ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഷേർളി പീറ്റർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഗോപകുമാർ എം.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീജിത്ത് സി.ഡി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സന്തോഷ കുമാർ എ)ം. സ\ന\യർ ഗ്രേഡ ഓഡ\റ്റർ
കിരൺ കെ.എസ്.ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദിലീപ് കപ്രശ്ശേരി | പ്രസിഡന്റ് | 01-04-2019 | 29-12-2019 |
| ശ്രീമതി.സേബ മുഹമ്മദാലി | പ്രസിഡന്റ് | 30-12-2019 | 31-03-2020 |
| ശ്രീമതി. ഷീലാ കുമാരി പി.വി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശാന്തി എൻ | അസി.സെക്രട്ടറി | 01-04-2019 | 11-12-2019 |
| ശ്രീമതി. ദീപ കെ.സി. | അസി.സെക്രട്ടറി | 12-12-2019 | 31-03-2020 |
| ശ്രീമതി. മേരി ശിൽപ കെ.തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നബീല എം.ബി. | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രസീദ് സി.പി | വെറ്റിറിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ.ഹർഷദ് വി.കെ. | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ഡോ.സുനിതാ കുമാരി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 20-08-2019 |
| ഡോ.ബിനി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 21-08-2019 | 31-03-2020 |
| ഡോ.മിനി.സി.കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. പി.എ റംലത്ത് | ഹെഡ് മിസ്ട്രസ് ജെ.ബി.എസ്. ദേശം | 01-04-2019 | 31-03-2020 |
| ശ്രീമതി. ഉമ്മു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 01-07-2019 |

| | | | |
|---|---|---|---|
| ഹബീബ കുന്നത്തു നടുത്തൊടി | | | |
| ശ്രീ.സജീവ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 02-07-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 1-1 |
| 2 | വാർഷികധനകാര്യപ്പത്രിക<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി-അവലോകനം<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-6-1 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-10 |
| 12 | സാംഖ്യയിൽ റദ്ദാക്കിയ കെട്ടിടനികുതി രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-11 |
| 13 | വസ്തു നികുതി-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 01-08-2021) | 1-12 |
| 14 | വസ്തുനികുതി നിർണ്ണയം അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-12-1 |
| 15 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-13 |
| 16 | ലൈസൻസ് ഫീ-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-14 |
| 17 | ലൈസൻസ് ഫി ഈടാക്കിയതിലെ അപാകത<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-14-1 |
| 18 | സാമൂഹ്യക്ഷേമ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട | 1-15 |

| | | |
|---|---|---|
| | ശേഷവും പെൻഷൻ വിതരണം തുടരുന്നു<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | |
| 19 | സാമൂഹ്യ സുരക്ഷാ പെൻഷൻ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-15-1 |
| 20 | ഓഡിറ്റ് ഇംപാക്ട് - എൻക്വയറിയെ തുടർന്ന് തുക അടവാക്കി<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-16 |
| 21 | കരാർ പ്രകാരം പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 30-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 1-17 |
| 22 | പ്രത്യേകാവശ്യഫണ്ടുകൾ- കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തണം<br>Written By: M.S.Gopakumar (Asst. Audit Officer, On 31-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-18 |
| 23 | അധികവേതനം തുടർച്ചയായി നൽകുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 30-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 1-19 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Joby George (Computer Assistant, On 16-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Salam T.I (Audit Officer, On 22-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബജറ്റ് 16/02/2019 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24/02/2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1,81,70,497 | 22,91,15,948 | 24,72,86,445 | 24,44,06,737 | 28,79,708 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപ്പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 30/05/2020 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,61,27,334 |
| വരവ് | 6,18,03,291 |
| ആകെ | 9,79,30,625 |
| ചെലവ് | 5,85,21,611 |
| നീക്കിയിരിപ്പ് | 3,94,09,014 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം 2019-2020

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20451540 | 20451540 | 10509783 | 0 | 9941757 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6556588 | 6556588 | 2548050 | 0 | 4008538 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 61000 | 61000 | 0 | 0 | 61000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16513000 | 16513000 | 5575950 | 0 | 10937050 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4310000 | 4310000 | 851845 | 0 | 3458155 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9567358 | 9567358 | 2141500 | 0 | 7425858 |
| ദുരിതാശ്വാസ നിധി | 8003 | 323 | 8326 | 0 | 8326 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്-സമ്പൂർണ്ണ ശുചിത്വം | 124850 | 3251 | 128101 | 128101 | 0 | 0 |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp EFMS | 1912 | 987285 | 989197 | 988826 | 371 | 0 |
| | 0 | 10499960 | 10499960 | 10499960 | 0 | 0 |
| ICDS- 320 100 121 | 146129 | 1544289 | 1690418 | 861892 | 828526 | 0 |
| സംസ്ഥാനാവിഷ്കൃതഫണ്ട്-വിമുക്തി- 320 200 307 | 33150 | 3000 | 36150 | 0 | 36150 | 0 |
| 320 200 302 | 1250000 | 0 | 1250000 | 0 | 1250000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബഡ്സ് സ്കൂൾ ഗ്രാന്റ് | | | | | | |
| 320 200 322<br>ശുചിത്വ മിഷൻ ഫണ്ട് | 1664800 | 0 | 1664800 | 105000 | 1559800 | 0 |
| 320 300 199<br>ലൈഫ് മിഷൻ സംഭാവന | 0 | 5380000 | 5380000 | 1900000 | 3480000 | 0 |
| ലൈഫ് മിഷൻ -സംഭാവന 320 200 301 | 44648 | 0 | 44648 | 40649 | 3999 | 0 |
| ജലനിധി<br>320 300 102 | 1074739 | 31990 | 1106729 | 1106729 | 0 | 0 |
| സാക്ഷരത<br>320 200 309 | 12830 | 443 | 13273 | 0 | 13273 | 0 |
| 320 900 101<br>നിർമ്മൽ പുരസ്കാരം | 445114 | 0 | 445114 | 0 | 445114 | 0 |
| 320 800 101<br>ഗുണഭോക്തൃ വിഹിതം | 117040 | 581500 | 698540 | 695565 | 2975 | 0 |
| 320 700 204<br>Joint Venture – Block Panchayat- Reveue Expenditure | 1541830 | 1916390 | 3458220 | 1781672 | 1676548 | 0 |
| 320 700 404<br>Joint Venture – Block Panchayat- Reveue Expenditure | 6810 | 0 | 6810 | 6810 | 0 | 0 |
| 320 700 205<br>Joint Venture – District Panchayat- Reveue Expenditure | 3980000 | 502630 | 4482630 | 1887560 | 2595070 | 0 |
| 320 700 405<br>Joint Venture – District Panchayat - Reveue Expenditure | 4540 | 0 | 4540 | 4540 | 0 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 13,28,14,336 | 82 | 39259724 | 115 | 10 | 39.6 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

നടപ്പാക്കാത്തവയിൽ 9 പദ്ധതികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

,

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1912 | 987265 | 989197 | 988826 | 371 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 10499960 | 10499960 | 10499960 | 0 |
| ആകെ | 1912 | 11487245 | 11489157 | 11488786 | 371 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-അവലോകനം

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2070 |
| ആക്ടീവായ ഗുണഭോക്താക്കൾ | 560 |
| 2019-20 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 31856 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ | 55 |

| | |
|---|---|
| എണ്ണം | |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 114.88ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --153

പൂർത്തിയാക്കിയ വർക്കുകൾ-- 146

നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| ഭവന നിർമ്മാണം | 54 | 54 |
| കട്ട നിർമ്മാണം | 1 | 1 |
| തോട്, കനാൽ നിർമ്മാണം | 4 | 4 |
| മത്സ്യകൃഷി അടിസ്ഥാന സൗകര്യം | 2 | 1 |
| നഴ്സറി നിമ്മാണം | 1 | 1 |
| സോക്ക്പിറ്റ് | 1 | 1 |
| തൊഴുത്ത് നിർമ്മാണം | 4 | 3 |
| തോട്, കനാൽപുനരുദ്ധാരണം | 17 | 17 |
| മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 45 | 43 |
| വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തി | 4 | 2 |
| ആട്ടിൻ കൂട് നിർമ്മാണം | 8 | 8 |
| കോഴിക്കൂട് നിർമ്മാണം | 4 | 3 |
| ഫാം പോണ്ട് | 1 | 1 |
| കമ്പോസ്റ്റ് കുഴി | 7 | 7 |
| ആകെ | 153 | 146 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22800 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1465800 | 439 |
| വിധവാപെൻഷൻ | 3871800 | 1104 |
| വാർദ്ധക്യകാലപെൻഷൻ | 6644700 | 1952 |
| വികലാംഗപെൻഷൻ | 1095000 | 306 |
| അവിവാഹിതരായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 151200 | 45 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27/07/2021ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### 1.ഫ്രണ്ട് ഓഫീസ് സംവിധാനം

ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം സുതാര്യവും സമയബന്ധിതവും,ജനസൗഹാർദ്ദവും ഒപ്പം വികസനപരവുമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വികസന-സേവന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലായി, സേവനപ്രദാന സംവിധാനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും, വികസനപ്രവർത്തനങ്ങൾ രൂപകൽപന ചെയ്ത് സദ്ഭരണം സാധ്യമാക്കുന്നതിനായി 31-12-2020 ന് ISO 9001:2015 സർട്ടിഫിക്കേഷൻ നടത്തിയിട്ടുമുണ്ട്. ഇത്തരം സംവിധാനങ്ങളുടെ ഭാഗമായി

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും തൃപ്തികരമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളിൽ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ വിലയിരുത്തുകയും കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. ഓഫീസ് പ്രവർത്തനങ്ങളുടെ അവലോകനത്തിനായി ഇന്റേണൽ ഓഡിറ്റ്, ജീവനക്കാർക്കുള്ള പ്രതിമാസ ട്രെയിനിംഗ് എന്നിവയും നടപ്പിലാക്കുന്നുണ്ട്.
ഭരണസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പൗര സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി നടപ്പിലാക്കേണ്ടതാണ്.

1.അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ വിവരങ്ങൾ ലഭ്യമാക്കണം.

2.ഹെൽപ് ഡസ്ക് സംവിധാനം നടപ്പിലാക്കണം.

3.സേവനങ്ങൾ നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കണം.

4.ഫ്രണ്ട് ഓഫീസിൽ നിന്ന് അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കണം.

5.ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

2. ബിൽ കളക്ടർമാർക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്കും നല്കുന്ന രസീത് ബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിന് വേണ്ട നടപടിയെടുക്കേണ്ടതാണ്.

3. ആഭ്യന്തര നിയന്ത്രണ സംവിധാനവും പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്._രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. രേഖകളും രജിസ്റ്ററുകളുമെല്ലാം പൊതുവെ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

4. പൌരാവകാശ രേഖ കാലികമായി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

5. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് .

6. സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

7. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5/2021 | 26/06/2021 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2011-12 മുതൽ 2015-16 വരെ | 15/03/2017 |

.

## 1-11 സാംഖ്യയിൽ റദ്ദാക്കിയ കെട്ടിടനികുതി രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല

സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നുള്ള 'ക്യാൻസൽഡ് രസീത് റിപ്പോർട്ട് ' പ്രകാരം ക്യാൻസൽ ചെയ്ത രസീതുകളിൽ വസ്തുനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട സാംഖ്യാ രസീത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെട്ടതായി കാണുന്നു.

| ക്രമ നം | തീയതി | ക്യാൻസൽ ചെയ്ത രസീത് നമ്പർ | സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെട്ട വാർഡ് & കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 06/06/2019 | 119010101319 | 7/489 | 30/- |
| 2 | 06/01/2020 | 119010105370 | 13/208 | 5778/- |
| 3 | 14/01/2020 | 119010105610 | 9/211 | 703/ |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 08/22.07.2021 ന് മറുപടിയായി സാംഖ്യയിൽ ക്യാൻസൽ ചെയ്ത മേൽ രസീതുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും നീക്കം ചെയ്തിട്ടും വീണ്ടും സഞ്ചയയിൽ റീപോസ്റ്റ് ആയതാണെന്നും പ്രസ്തുത അപാകത പരിഹരിക്കുന്നതിനായി IKM -ൽ പരാതി രജിസ്റ്റർ ചെയ്യുകയും അനുമതി ലഭിക്കുന്നമുറയ്ക്ക് രസീതുകൾ നീക്കം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാംഖ്യയിൽ റദ്ദാക്കിയ കെട്ടിടനികുതി രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതുമൂലം പഞ്ചായത്തിന് പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നു. ആയതിനാൽ മേൽ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിലവിൽ സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിച്ചിട്ടുള്ളതിനാൽ(Synchronize) സാംഖ്യയിൽ കെട്ടിട നികുതി ഒടുക്കുന്നമുറയ്ക്ക് തന്നെ രസീതുകൾ സഞ്ചയയിൽ പോസ്റ്റ് ആകുകയാണ് ചെയ്യുന്നത്. എന്നാൽ എന്തെങ്കിലും കാരണത്താൽ പ്രസ്തുത രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സഞ്ചയയിൽ നിന്നും ഓട്ടോഡിലീറ്റ് ആകുന്നില്ല. മാനുവൽ ആയി പിന്നീട് നീക്കം ചെയ്യുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ രസീതുകൾ നീക്കം ചെയ്യാതെ വരുമ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഒടുക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തപ്പെടുകയും തന്മൂലം കെട്ടിടനികുതി ഒടുക്കുന്നതിൽ നിന്നും കെട്ടിടങ്ങൾ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. ആയതിനാൽ സാംഖ്യയിൽ രസീതുകൾ റദ്ദാക്കുന്ന മുറയ്ക്കുതന്നെ സഞ്ചയയിൽ നിന്നും ആയത് നീക്കം ചെയ്യേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി-അപാകതകൾ

1)സഞ്ചയ ഡിമാന്റ് പ്രകാരം വർഷാരംഭത്തിൽ സാംഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനത്തെ സഞ്ചയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാവസാനമാണ് വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നത്. വർഷാരംഭത്തിലുള്ള സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

(2)തൻവർഷം വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. വേക്കൻസി റെമിഷൻ അനുവദിച്ച ഫയൽ അടക്കം കൃത്യവായ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. കൃത്യവായ ഫയൽ സൂക്ഷിച്ച് 2019-20 വർഷം ഈ ഇനങ്ങളിൽ അനുവദിച്ച നികുതി ഇളവുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)വസ്തു നികുതി വിവരങ്ങളുടെ സഞ്ചയയിലെ പ്യൂരിഫിക്കേഷൻ നടപടികൾ 100% പൂർത്തിയായതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല.

4. 2019-20 വർഷത്തെ സാംഖ്യാ അക്കൌണ്ട് പ്രകാരം പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 10900/- രൂപയും നോൺറസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 1228/- രൂപയും വസ്തു നികുതി വരവായി ചേർത്തതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വരുന്ന തുക ഏതെല്ലാം കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി അറിയിക്കേണ്ടതാണ്.

(5)സ.ഉ ()36/2015/തസ്വ ഭവ തി 24-2-2015പ്രകാരം സ്വാകാര്യ ഹോസ്റ്റൽ , ആയുർവേദ സുഖ ചികിൽസാകേന്ദ്രങ്ങൾ മുതലായ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചിട്ടില്ല. അടുത്ത കമ്മിറ്റിയിൽ ചർച്ച ചെയുന്നതാണ് എന്നറിയിച്ചു. എത്രയും വേഗം നിരക്ക് നിശ്ചയിച്ച് അറിയിക്കേണ്ടതാണ്.

(6)സഞ്ചയ പ്രകാരം പഞ്ചായത്തിൽ UA നമ്പർ നൽകിയിട്ടുള്ള 16 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. സഞ്ചയയിൽ രേഖപ്പെടുത്തലുകൾ ഉള്ളതിനാൽ UA രജിസ്റ്റർ സൂക്ഷിച്ചില്ല എന്ന മറുപടി തൃപതികരമല്ല. UA നമ്പർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

23-7-21ലെ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 1-12-1 വസ്തുനികുതി നിർണ്ണയം അപാകതകൾ

പഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് നിർണ്ണയവുമായി ബന്ധപ്പെട്ട 4-10-2010 1-ാം നമ്പർ തീരുമാന പ്രകാരം 6, 15 എന്നീ വാർഡുകൾ മുഴുവനായും 16, 17 വാർഡുകളിലെ കോളനി പ്രദേശം ഒഴികെയുള്ള പ്രദേശങ്ങളും പ്രഥമ

മേഖലയിൽ ഉൾപെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2019-20 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെ ചേർത്ത കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപെടുത്തി 10% നികുതി ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം |
|---|---|---|
| 1 | 6 | 591A, 107A, 623A, 106A, 591A, 285A, 285B, 519A |
| 2 | 15 | 3A, 11A, 38A |
| | 16 | 152A, 210A, 86A, 165A, 219A, 209A, 90A, 139A, 189B, 354A, 174A |
| | 17 | 130A, 185A, 308A, 308B, 254D, 382A, 70B, 254C, 170A, 149A, 65A, 285A, 208B |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ച് പുനർനിർണ്ണയം നടത്തേണ്ടതും പുതിയനിരക്കിലുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്. 28-7-21 ലെ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി-അപാകതകൾ

1) വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം റജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. സാംഖ്യാ അക്കൌണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്തിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2).സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കുകയോ കുടിശ്ശിക സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാഖ്യയിൽ ചേർക്കുകയാണ് ചെയ്യുന്നത്. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാഖ്യയിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

3).പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ഓഫീസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെ തരം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യ വ്യവസായ ആവശ്യം (100 ച.മീ വരെയുള്ളത്) | 1352 |
| 2 | വാണിജ്യ വ്യവസായ ആവശ്യം (100 ച.മീ മുകളിൽ) | 143 |
| 3 | വാണിജ്യ വ്യവസായ ആവശ്യം (200 ച.മീ വരെയുള്ളത്) | 4 |
| 4 | വാണിജ്യ വ്യവസായ ആവശ്യം (200 ച.മീ മുകളിൽ) | 20 |
| 5 | വാണിജ്യ വ്യവസായ ആവശ്യം (പെട്ടിക്കട, ബങ്ക്) | 32 |
| 6 | ഓഫീസ് ആവശ്യം | 91 |
| 7 | ആശുപത്രി | 11 |
| 8 | അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം, ലോഡ്ജ് | 29 |
| 9 | വ്യവസായ ആവശ്യം (കൈത്തറി ഷെഡ്) | 64 |
| | | |

| | | |
|---|---|---|
| 10 | വ്യവസായ ആവശ്യം(ഇതരവ്യവസായം) | 91 |
| 11 | സ്വാകാര്യ ഹോം സ്റ്റേ | 6 |
| | ആകെ | 1843 |

ഈ കെട്ടിടങ്ങളിൽ പ്രാദേശിക പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും പുതുക്കി അറിയിക്കേണ്ടതാണ്.

4).പഞ്ചായത്തിൽ അസംബ്ലി കെട്ടിടം, ഓഡിറ്റോറിയം, ഹോം സ്റ്റേ, എന്നീ ഇനങ്ങളിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റോറിയങ്ങൾക്കുള്ള സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പരിശോധിച്ച് അറിയിക്കേണ്ടതാണ്.

5). ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രർത്തിയ്ക്കുന്ന എങ്കിലും വളരെകുറച്ച സ്ഥാപനങ്ങളിൽ നിന്നേ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നുള്ളു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര, താൽക്കാലിക, ദിവസവേതനക്കാർ എന്നീ ജീവനക്കാർ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരാണ്. 2019-20 ൽ ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ, ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മിക്സ്ചർ മെഷിൻ നിർമ്മാണം | 28 | 9 |
| 2 | എ എസ് ഷിപ്പിങ്ങ് ഏജൻസീസ് | 38 | 5 |
| 3 | പി വി സി , റെസിൻ വിൽപന | 88 | 2 |
| 4 | പി വി സി , റെസിൻ വിൽപന | 89 | 2 |
| 5 | ഹോട്ടൽ ഹരിത | 116 | 4 |
| 6 | സിനർജി പ്രോസസ് ലിമിറ്റഡ് | 121 | 4 |
| 7 | എൽ പി ജി സിലിണ്ടർ വിൽപന | 185 | 2 |
| 8 | പെട്രോൾ പമ്പ് | 190 | 3 |
| 9 | നാസ് ഡിസ്റ്റിലേർസ് | 221 | 12 |
| 10 | കൊച്ചിൻ എക്സ്പോർട്സ് | 264 | 5 |
| 11 | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം | 266 | 8 |
| 12 | ഓർത്തോപാഡിക് ഉപകരണ നിർമ്മാണം | 276 | 4 |
| 13 | ആദമിന്റെ ചായക്കട | 315 | 7 |
| 14 | എവർഗ്രീൻ മോട്ടോർസ് ടു വീലർ സെയിൽസ് | 334 | 3 |
| 15 | ലാന്റ്മാർക്ക് കാർട്ടൺസ് | 337 | 7 |
| 16 | ഡൽഹിവെരി പ്രൈവറ്റ് ലിമിറ്റഡ് | 364 | 20 |
| 17 | ബനാന ലീഫ് ഡസ്റ്റിനേഷൻ | 397 | 45 |

60 ദിവസത്തിലധികം ഒരേ ജീവനക്കാർ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നില്ല എന്ന മറുപടി അംഗീകരിക്കാനാവില്ല. ഈ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, ഡ്രൈവിങ്ങ് സ്കൂൾ, റേഷൻ കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, അക്ഷയ സെന്ററുകൾ, കള്ള് ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

7). 2019-20 സാമ്പത്തിക വർഷം പഞ്ചായത്തിൽ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും സ്വകാര്യ ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ മറ്റ് പ്രഫഷണൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

8). 2018-19 വർഷത്തെ തൊഴിൽ നികുതി രജിറ്റർ പ്രകാരം, തൊഴിൽ നികുതി അടച്ച താഴെ ചേർത്ത ക്രമ നമ്പറിലെ സ്ഥാപനങ്ങൾ 2019-20 ലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | രജിറ്റർ ക്രമ നം | സ്ഥാപനം | 2019-20 അർദ്ധവർഷം |
|---|---|---|---|
| 1 | 51 | എം ജി എഫ് മോട്ടോർസ് | II |
| 2 | 52 | ഈരയിൽ പ്രോഡക്ട്സ് | I &II |
| 3 | 56 | ഓട്ടോബാൻ | II |
| 4 | 58 | മഹർബാ ടിമ്പേർസ് | I &II |
| 5 | 59 | മുല്ലശ്ശേരി മിനറൽസ് | I &II |
| 6 | 61 | യു എം തരിയത് | I &II |
| 7 | 62 | എസ് ആർ സിമന്റ് വർക്ക് | I &II |
| 8 | 63 | ഹെറിറ്റേജ് കാറ്ററിങ്ങ് | I &II |
| 9 | 69 | പ്രോമി സിറ്റീൽസ് | I &II |
| 10 | 70 | എ ടി എസ് ഓട്ടോമൊബൈൽസ് | I &II |
| 11 | 71 | അൾടിമേറ്റ് ഫ്രെഷ് | I &II |
| 12 | 75 | ലാന്റ്മാർക്ക് കാർട്ടൺസ് | I &II |

സ്ഥാപനങ്ങൾ പ്രവർത്തിച്ചില്ല എന്ന മറുപടി തൃപതികരമല്ല. ഈ സ്ഥാപനങ്ങളിൽ കൃത്യമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

9.2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, താഴെ ചേർത്ത സ്ഥാപനങ്ങളിലെ 2019-20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | 2019-20 അർദ്ധവർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | I& II |
| 2 | കെ എസ് ഇ ബി | I &II |
| 3 | സി എ ഹോസ്പിറ്റൽ | II |
| 4 | ന്യൂ കർമ ഹോസ്പിറ്റൽ | I &II |
| 5 | നജാത്ത് ഹോസ്പിറ്റൽ | I &II |
| 6 | ഹിദായത്ത് ഹോസ്പിറ്റൽ | I &II |
| 7 | സർവീസ് സഹകരണ സംഘം ചെങ്ങമനാട് | I &II |
| 8 | സർവീസ് സഹകരണ സംഘം പറമ്പയം | I &II |
| 9 | സർവീസ് സഹകരണ സംഘം ദേശം | I &II |
| 10 | മിനി മുത്തൂറ്റ് | I &II |

ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 ലൈസൻസ് ഫീ-അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി സി ബി-യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2.കുടിശ്ശിക കൃത്യമായി രേഖപ്പെടുത്തുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാഖ്യയിൽ ചേർക്കുന്നു. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാഖ്യയിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

3.വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല.

4. ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി ആധികാരികപ്പെടുത്തുന്നില്ല.

5. മുൻവർഷമായ 2018-19 ൽ 452 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 253 സ്ഥാപനങ്ങളാണുള്ളത്. കൃത്യതയോടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നു എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. 2019-20 വർഷം പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളുടെയും പുതുതായി തുടങ്ങിയ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. മുൻവർഷം അവസാനം വരെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ എല്ലാം ഉൾപെടുത്തി തൻവർഷ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും പുതുക്കിയ ലിസ്റ്റിലെ ക്രമപ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറേക്കേണ്ടതും ഇത്തരത്തിൽ തയ്യാറാക്കിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

6. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തിരുമാനമെടുത്തിട്ടില്ല എന്നാണ് മറുപടി നൽകിയത്. പരിശോധനയിൽ 200, 300, 400, 500, 1000, 1500, 2000, 3000, 4000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ വിവിധ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യവിലോപത്തിനും ഇടയാക്കുന്നു. ആയതിനാൽ എത്രയും വേഗം തിരുമാനം എടുത്ത് അറിയിക്കേണ്ടതും അതുവരെ ഉത്തരവിൽ പറഞ്ഞ പരമാവധി ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

7. പഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലും ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിലും ഗണ്യമായ വ്യത്യാസം കാണുന്നു.

| ക്രമ നം | കെട്ടിടങ്ങളുടെ തരം | കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|
| 1 | വാണിജ്യ വ്യവസായ ആവശ്യം (100 ച.മീ വരെയുള്ളത്) | 1352 |
| 2 | വാണിജ്യ വ്യവസായ ആവശ്യം (100 ച.മീ മുകളിൽ) | 143 |
| 3 | വാണിജ്യ വ്യവസായ ആവശ്യം | 4 |

| | | |
|---|---|---|
| | (200 ച.മീ വരെയുള്ളത്) | |
| 4 | വാണിജ്യ വ്യവസായ ആവശ്യം<br>(200 ച.മീ മുകളിൽ) | 20 |
| 5 | വാണിജ്യ വ്യവസായ ആവശ്യം<br>(പെട്ടിക്കട, ബങ്ക്) | 32 |
| 6 | വ്യവസായ ആവശ്യം(കൈത്തറി ഷെഡ്) | 64 |
| 7 | വ്യവസായ ആവശ്യം(ഇതരവ്യവസായം) | 91 |
| | ആകെ | 1706 |

2019-20 ൽ 481 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മേൽ സൂചിപ്പിച്ച 1706 കെട്ടിടങ്ങളിൽ പ്രാദേശിക പരിശോധന നടത്തേണ്ടതും റിപ്പോർട്ട് തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി അറിയിക്കേണ്ടതാണ്.

22-7-2021ലെ ഓഡിറ്റ് എൻക്വയറി 4 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## <u>1-14-1 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകത</u>

1) ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുകയോ പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ, 25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ, 5 കോടിയ്ക്കു മുകളിൽ എന്നിങ്ങനെ സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. പരമാവധി നിരക്കിൽ കുറഞ്ഞ നിരക്ക് പഞ്ചായത്ത് നിശ്ചയിച്ചതായി കാണുന്നില്ല. 2017 ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ നിശ്ചയിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

താഴെ ചേർത്ത സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപന | മൂലധനം | ഈടാക്കിയ ഫീ | ഈടാക്കേണ്ട ഫീ | കുറവ് |
|---|---|---|---|---|---|---|
| 1 | 24 | മുല്ലശ്ശേരി, മിനറൽ വാട്ടർ | 45 | 500 | 1000 | 500 |
| 2 | 31 | ആലുവ റൂബെക്സ് ലിമിറ്റഡ് | 126.68 | 2000 | 5000 | 3000 |

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീ ഇടാക്കി അറിയിക്കേണ്ടതാണ്.

2.താഴെ ചേർത്ത സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം അപേക്ഷയിലോ പരിശോധനാ റിപ്പോർട്ടിലോ രേഖപ്പെടുത്തിയതായി കാണുന്നില്ല. പരിശോധിച്ച് ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത അറിയിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | ഈടാക്കിയ ഫീ |
|---|---|---|---|
| 1 | 34 | ബി ആർ ഡി കാർ വേൾഡ് | 2500 |
| 2 | 66 | ക്രഷർ | 2500 |
| 3 | 67 | ക്രഷർ | 2500 |
| 4 | 63 | ഗ്യാസ് ഏജൻസി | 1500 |
| 5 | 88 | പി വി സി റസിൻ വിൽപന | 1000 |
| 6 | 89 | പി വി സി റസിൻ വിൽപന | 2000 |
| 7 | 185 | ഗ്യാസ് ഏജൻസി | 500 |
| 8 | 190 | പെട്രോൾ പമ്പ് | 2000 |
| 9 | 193 | ഈരയിൽ മിനറൽ വാട്ടർ നിർമ്മാണം | 500 |
| 10 | 316 | സി എ ഹോസ്പിറ്റൽ | 10000 |
| 11 | 392 | കട്ടക്കാരൻ നിർമ്മാണ സാധനങ്ങൾ, വിൽപന | 5000 |

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീ ഇടാക്കി അറിയിക്കേണ്ടതാണ്.

## 1-15 സാമൂഹ്യക്ഷേമ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | സുലൈമാൻ സി കെ | വാർദ്ധക്യ കാല പെൻഷൻ | 107000200328 | 15.01.2019 | 02/2019 മുതൽ 07/2019വരെ | 9000/- |
| 2 | ശാന്ത കെ ജി | വാർദ്ധക്യ കാല പെൻഷൻ | 107000201032 | 17.12.2018 | 01/2019 മുതൽ 04/2019 വരെ | 6000/- |
| 3 | ഐഷ ബീവി | വിധവ പെൻഷൻ | 107000600360 | 08.02.2020 | 03.2020 മുതൽ 06/2021 വരെ | 22600/- |
| 4 | ഐശുക്കുട്ടി മുഹമ്മദ് | വാർദ്ധക്യ കാല പെൻഷൻ | 107000200840 | 22.03.2020 | 04.2020 മുതൽ 06.2021 വരെ | 21400/- |

സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി1/71/2017/ധന തിയതി 22.09.2017 പ്രകാരം ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അന്നുതന്നെ പെൻഷൻ നിറുത്തേണ്ടതും സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി2/53/2017/ധന തിയതി 22.01.2018 പ്രകാരം മരണപ്പെട്ടവരെ സേവനയിൽ നിന്നും ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെപ്പോലും സേവനയിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടില്ല. ഓഡിറ്റിൽ കണ്ടെത്തിയ ഗുണഭോക്താക്കൾ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം മരണപ്പെട്ടുവെന്ന് റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്.

ധനകാര്യ വകുപ്പിന്റെ 05.11.20 ലെ സർക്കുലർ നം.67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ ഡെത്ത് രജിസ്ട്രേഷൻ അപേക്ഷയിലെ ആധാർ നമ്പർ മുഖേന, മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-15-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ പെൻഷൻ അപേക്ഷ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ, 2019-20 വർഷം ലഭിച്ച അപേക്ഷകളുടെ തുടർ നടപടികളുമായി ബന്ധപ്പെട്ട്, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയ തിയതി, അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയതി, സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/തീയതി, പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/തീയതി, പെൻഷൻ

അനുവദിച്ചുവോ / നിരസിച്ചുവോ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. രജിസ്റ്ററുകളിൽ പൂർണ്ണമായും രേഖപ്പെടുത്തലുകൾ വരുത്താത്തതിന് ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | രജിസ്റ്ററിലെ ക്രമ നം. | അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയ തീയതി | അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ച തീയതി | സ്റ്റാന്റിംങ് കമ്മിറ്റിയുടെ തീരുമാനം നമ്പർ/ തീയതി | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ/ തീയതി | അനുവദിച്ചവോ / നിരസിച്ചുവോ |
|---|---|---|---|---|---|---|---|
| 1 | മണി കെ തവിടപ്പിള്ളി വീട് നെടുവന്നൂർ(50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 7 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 2 | സരസു എ പി അമ്പാട്ട്പറമ്പിൽ ചെങ്ങമനാട് ( " ) | 8 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 3 | ബേബി സി എ വടക്കേടത്ത് ദേശം ( " ) | 9 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 4 | സുജാത (വിധവാ പെൻഷൻ) | - | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |
| 5 | പത്മിനി ചിലമ്പേത്ത് വീട് കപ്രശ്ശേരി (കർഷക തൊഴിലാളി പെൻഷൻ) | 17 | 08/11/19 | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

രജിസ്റ്ററുകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-16 ഓഡിറ്റ് ഇംപാക്ട് - എൻക്വയറിയെ തുടർന്ന് തുക അടവാക്കി

കൈയ്യെഴുത്ത് രസീതുകൾ പ്രകാരം കളക്ഷനായി ലഭിച്ച തുകയും പഞ്ചായത്തിൽ ഒടുക്കിയ തുകയും പൊരുത്തപ്പെടാത്തത് സംബന്ധിച്ച് നൽകിയ 22.07.2021 ലെ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 23.07.2021 ലെ 121010900038നമ്പർ രസീത് പ്രകാരം 52/- രൂപ അടവാക്കി.

## 1-17 കരാർ പ്രകാരം പണി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കപ്പേള ബൈ ലൈൻ റോഡ് വാർഡ് 5 |
| പ്രൊജക്റ്റ് നമ്പർ | S0157/2020 |
| അടങ്കൽ | 3,56,000/- |
| കരാറുകാരൻ | സനിൽ കുമാർ ഏ.ജി. |

| | | |
|---|---|---|
| എഗ്രിമെന്റ് തീയതി. | 32/AE/LSGD/ CHMD 30.10.2019 | |
| Agreed PAC | 3,57,199 | |
| ആകെ ചെലവായ തുക | 3,56,000/- | 93/20-21 10/02/2021 |
| | 1,198/- | 94/20-21 10/02/2021 |
| അളവ് പുസ്തകനമ്പർ | 386/18-19 | |

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അംഗീകാരം ലഭിച്ച് 18/09/2019ൽ ടെൻഡർ ചെയ്ത "കപ്പേള ബൈ ലൈൻ റോഡ്" എന്ന പ്രൊജക്റ്റിന്റെ കരാറെടുത്ത ശ്രീ.സനിൽ കുമാർ ഏ.ജി. എന്ന കരാറുകാരൻ ഗ്രാമപഞ്ചായത്തുമായി 30/10/2019 ൽ ചമച്ച കരാറുടമ്പടി പ്രകാരം ടി പ്രവൃത്തി 31.03.2020 ൽ പൂർത്തികരിക്കേണ്ടതായിരുന്നു. 30/10/2019ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തു നല്കിയശേഷം അളവുപുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി 27/11/2019ൽ ആരംഭിച്ചിട്ടുണ്ട്. (പേജ് നം. 3). അളവുപുസ്തകത്തിലെ പേജ് നം. 13 ൽ ഫൈനൽ ചെക്ക് മെഷർമെന്റ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത് 22/01/2021ൽ ആണ്. 05/02/2021 ാം തീയതിയിൽ ഫൈനൽ ബില്ല് സമർപ്പിച്ചതിൻ പ്രകാരം കരാറുകാരന് 10/02/2021 ന് ബില്ല് തുക ട്രഷറിയിൽ നിന്ന് മാറിക്കൊടുത്തിട്ടുണ്ട്.

31/03/2020 ൽ കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ടതാണ് എന്ന് കാണിച്ച് അസിസ്റ്റന്റ് എൻജിനീയർ 04/06/2020-ാം തീയതിയിൽ കരാറുകാരന് കത്ത് നല്കിയതായി ഫയലിൽ കാണുന്നുണ്ട്. ഈ അറിയിപ്പിന് കരാറുകാരൻ മറുപടി നല്കിയതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ കരാർ പ്രകാരമുള്ള കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം കരാർ ദീർഘീകരണത്തിനായി കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുൻപായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള ദീർഘിപ്പിക്കൽ ഒറ്റത്തവണ യഥാർത്ഥ കാലാവധിയുടെ 25%-ൽ (പരമാവധി 6 മാസം ) അധികരിക്കരുത്. ആദ്യതവണ 1% Of PAC-ഉം, ആദ്യതവണയ്ക്ക് ശേഷം 2% Of PAC -യുമാണ് ഇപ്രകാരം ദീർഘിപ്പിക്കുന്നതിനുള്ള പിഴ. ഈ പ്രവൃത്തിയിൽ കരാറുകാരനെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ കരാർ കാലാവധി കഴിയുന്നതായി അറിയിച്ചിട്ടും, കരാറുകാരൻ മറുപടിയൊന്നും നല്കിയതായി കാണുന്നില്ല. കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നല്കിയതായും കാണുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം, പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയ പരിധിക്കകം പണി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ, കരാർ തുകയുടെ 0.1% ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്.

22/01/2021 ലാണ് ഈ പ്രവൃത്തി പൂർത്തീകരിച്ചതായി അളവുപുസ്തകത്തിൽ ഫൈനൽ ചെക്ക് മെഷർമെന്റ് അസി.എൻജിനീയർ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ മേൽപ്രവൃത്തിക്ക് ഫൈനൽ ബില്ല് നല്കിയപ്പോൾ യഥാർത്ഥ പൂർത്തീകരണത്തീയതിയായ 31.03.2020 മുതൽ 21.01.2021 വരെയുള്ള അധിക കാലാവധിക്ക് കരാറുകാരനിൽ നിന്ന് സെക്ഷൻ 2116.1 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജായി തുക ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് എൻക്വയറി നം. 18 നല്കിയിരുന്നു. ആയതിന് നല്കിയ മറുപടിയിൽ 2020 മാർച്ച് ആദ്യവാരം മുതൽ ലോക്ക് ഡൗൺ ആയതിനാൽ ടി പ്രവൃത്തി കൃത്യസമയത്ത് പൂർത്തീകരിക്കാനായില്ല എന്നും, 04/06/2020 ാം തീയതിയിൽ കരാറുകാരന് കത്ത് അയച്ചിരുന്നുവെങ്കിലും കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ പണി ആരംഭിക്കാൻ കഴിഞ്ഞില്ല എന്നുമാണ് വിശദമാക്കിയിരിക്കുന്നത്.

എന്നാൽ പ്രവൃത്തിയുടെ കരാർ അംഗീകരിച്ചുകൊണ്ട് 20/09/2020ൽ നല്കിയ സെലക്ഷൻ നോട്ടീസിൽ കരാർ ഉടമ്പടി ഒപ്പുവെച്ച് ഒരാഴ്ചയ്ക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതുപ്രകാരം 31/10/2019ൽ തന്നെ കരാർ വെച്ച് പ്രവൃത്തി സ്ഥലം ഏറ്റെടുത്തിട്ടുമുണ്ട്. കരാറിലും പ്രസ്തുത പ്രവൃത്തി നിശ്ചിത തീയതിക്കുള്ളിൽ തീർക്കണമെന്ന വ്യവസ്ഥ അംഗീകരിച്ച് കരാറുകാരൻ ഒപ്പുവെച്ചിട്ടുണ്ട്. 27/11/2019ൽ അളവുപുസ്തകത്തിൽ സ്റ്റാക്ക് രേഖപ്പെടുത്തി ആദ്യ അളവ് ചേർത്തിട്ടുണ്ട്. പിന്നീട് 2 മാസങ്ങൾക്ക് ശേഷമാണ് കോവിഡ് മൂലം ലോക്ക് ഡൗൺ പ്രഖ്യാപിച്ചത്. പിന്നീട് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ കാലവർഷം മൂലമോ, മറ്റ് കാരണങ്ങൾ മൂലമോ പ്രവൃത്തി ചെയ്യാൻ സാധിക്കാതെ പോയതാണെങ്കിലും, 01/2021

ലാണ് ഈ പ്രവൃത്തി പുനരാരംഭിച്ചതായി കാണുന്നത്. കോവിഡുപോലുള്ള അസാധാരണസാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടുവെന്ന വാദം കണക്കിലെടുക്കാമെങ്കിലും, കരാർ വെച്ച് 2 മാസം സമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാവകാശം കിട്ടിയിരുന്നു എന്ന് വ്യക്തമാണ്.

പ്രൊജക്ട് അപ്രൂവൽ, ടെൻഡർ നടപടിക്രമങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഘട്ടങ്ങൾ സാമ്പത്തികവർഷത്തിന്റെ മധ്യത്തോടെ പൂർത്തീകരിച്ചാലും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സാമ്പത്തികവർഷാവസാനം വരെ നീട്ടി വെയ്ക്കുന്ന പ്രവണതയാണ് മേൽപ്രവൃത്തിയിൽ സംഭവിച്ചതുപോലെയുള്ള കാലതാമസത്തിന് അടിസ്ഥാന കാരണം. 2019-20, 2020-21 കാലയളവിൽ നടപ്പാക്കിയ മിക്കവാറും പ്രവൃത്തികളും തൻവർഷം മാർച്ച് വരെ നിർവ്വഹണം നീട്ടിക്കൊണ്ടുപോയി അവസാനം ട്രഷറിയിൽ സമർപ്പിക്കുമ്പോൾ Q Bill ൽ ഉൾപ്പെട്ട് പോകുകയും ചെയ്തിട്ടുണ്ട്. ഇത് എൻജിനീയറിംഗ് വിഭാഗത്തിന്റെ ജോലിഭാരം കൂട്ടുകയും, പഞ്ചായത്തിന് അടുത്ത സാമ്പത്തികവർഷം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതിനും, ലഭ്യമാകാവുന്ന വിഭവസ്രോതസ്സിന്റെ ലഭ്യതക്കുറവിനും കാരണമാകുന്നു.

ഈ പ്രവണത ഒഴിവാക്കാനായി മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിർവ്വഹണ കലണ്ടർ കർശനമായി പാലിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥനും, പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളും ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി പ്രതിമാസം അവലോകനം ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നതിൽ പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 പ്രത്യേകാവശ്യഫണ്ടുകൾ- കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തണം

വിവിധ സംസ്ഥാനാവിഷ്കൃത- കേന്ദ്രാവിഷ്കൃത -പ്രത്യേകാവശ്യഫണ്ടുകളുടെ വരവ്- ചെലവ് - നീക്കിയിരുപ്പ് വിശദാംശങ്ങൾ

| ഫണ്ടിനം | മുന്നിരിപ്പ് 01.04.2019 | തൻവർഷം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് 31.03.2020 | ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതഫണ്ട്- ICDS- 320 100 121 | 146129 | 1544289 | 1690418 | 861892 | 828526 | Own Fund A/C |
| സംസ്ഥാനാവിഷ്കൃതഫണ്ട്- വിമുക്തി- 320 200 307 | 33150 | 3000 | 36150 | 0 | 36150 | Own Fund A/C |
| 320 200 302 ബഡ്സ് സ്കൂൾ ഗ്രാന്റ് | 1250000 | 0 | 1250000 | 0 | 1250000 | Own Fund A/C |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 1664800 | 0 | 1664800 | 105000 | 1559800 | Own Fund A/C |
| 320 300 199 ലൈഫ് മിഷൻ സംഭാവന | 0 | 5380000 | 5380000 | 1900000 | 3480000 | Life Mission Ac/ -SBI |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 1541830 | 1916390 | 3458220 | 1781672 | 1676548 | Joint Venture A/C- TSB |
| 320 700 404 Joint Venture – Block Panchayat- Reveue Expenditure | 6810 | 0 | 6810 | 6810 | 0 | Joint Venture A/C- TSB |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 3980000 | 502630 | 4482630 | 1887560 | 2595070 | Joint Venture A/C- TSB |
| 320 700 405 Joint Venture – District Panchayat - Reveue Expenditure | 4540 | 0 | 4540 | 4540 | 0 | Joint Venture A/C- TSB |
| 320 900 101 നിർമ്മൽ പുരസ്കാരം | 445114 | 0 | 445114 | 0 | 445114 | Own Fund A/C |

| | | | | | | |
|---|---|---|---|---|---|---|
| 320 800 101 ഗുണഭോക്തൃ വിഹിതം | 117040 | 581500 | 698540 | 695565 | 2975 | Own Fund A/C |

2019-2020 വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി വിവിധ വകുപ്പുകളിൽ നിന്നും, ഏജൻസികളിൽ നിന്നും, ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നുണ്ട്. ഇതിൽ ബഡ്സ് സ്കൂൾ നിർമ്മാണ ഗ്രാന്റായി ലഭിച്ച 12,50,000/- രൂപയും, ശുചിത്വമിഷൻ ഫണ്ടായി ലഭിച്ച തുകയിൽ നാളിതുവരെയുള്ള ചെലവ് കഴിച്ച് ബാക്കി നിൽക്കുന്ന 15,59,800/- രൂപയും ഉൾപ്പെടുന്നു. 2020-21 സാമ്പത്തികവർഷവും ഈ തുക ചെലവഴിച്ചിട്ടില്ല. ശുചിത്വ മിഷൻ ഗ്രാന്റിനത്തിൽ 2020-2021 വർഷവും 31,26,752/- രൂപ വരവുണ്ട്. നിലവിൽ ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ തന്നെ നിൽക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിന് കൈമാറിയ തുകയിൽ നാളിതുവരെ ചെലവ് കഴിച്ച് യഥാക്രമം 1676548/-, 2595070/- രൂപയും പഞ്ചായത്തിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്.

ലൈഫ് സംഭാവന എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2019-2020 ൽ ലഭിച്ച 53,80,000/-രൂപയിൽ തൻവർഷ ചെലവ് കഴിച്ച് 31/03/2020ൽ 34,80,000/- രൂപ നീക്കിയിരുപ്പുണ്ട്. ടി തുക ലൈഫ് ഭവനപദ്ധതിക്കായി സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ചതാണ്.

മേൽപ്പറഞ്ഞപ്രകാരം ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന വിവിധയിനം ഫണ്ടുകൾ അതാത് പദ്ധതികളിൽ തന്നെ ചെലവഴിക്കുകയോ, പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ ബാക്കി നിൽക്കുന്ന തുക അതാത് ഏജൻസികളിലേക്ക് തിരികെ നല്കുകയോ ചെയ്യേണ്ടതാണ്.

### 1-19 അധികവേതനം തുടർച്ചയായി നൽകുന്നു.

പാലിയേറ്റീവ് പദ്ധതിയുടെ ഡ്രൈവർക്ക് 10.06.2019 മുതൽ 09.06.2020 വരെ ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ 700 രൂപ വേതനം എന്ന നിരക്കിലാണ് കരാർ ഉറപ്പിച്ച് നൽകിയിരിക്കുന്നത്. ക്വട്ടേഷനിൽ 700 രൂപ രേഖപ്പെടുത്തിയിരുന്ന ശ്രീ അശോക് കുമാർ, കൊട്ടാരത്ത് പറമ്പിൽ എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് രണ്ട് വർഷവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. എന്നാൽ 01.07.2019 മുതൽ ടിയാന് 715 രൂപ നിരക്കിലാണ് വേതനം നൽകി വരുന്നത്. സ.ഉ (അച്ചടി) നം.81/2019/ധന/09.07.2019 ഉത്തരവ് പ്രകാരം ഡ്രൈവറുടെ ദിവസവേതന തുക 715 രൂപയാണ് എന്നതിനാലാണ് ഇങ്ങനെ നൽകുന്നത് എന്ന് അധികൃതർ വ്യക്തമാക്കി. ഇത് അംഗീകരിക്കാനാകില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്തുന്ന വ്യക്തികളെ താത്കാലികമായി നിയമിക്കുന്ന അവസരങ്ങളിലാണ് മേൽ തുക അനുവദനീയം. ഇവിടെ ദിവസവേതനത്തിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ നിയമിച്ചിരിക്കുന്നത്. ആയതിനാൽ കാലാവധി തീരുന്നത് വരെ ടിയാന് അംഗീകരിക്കപ്പെട്ട ക്വട്ടേഷനിലെ തുക മാത്രമേ നൽകാനാകൂ. 2019-20 സാമ്പത്തിക വർഷത്തിൽ 129 ദിവസം 15 രൂപ വീതം അധികം നൽകിയത് മൂലം 1935 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ടിയാനിൽ നിന്ന് തിരിച്ച് പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കണമെന്നും നിർദ്ദേശിക്കുന്നു. മേൽ തുക തിരിച്ച് പിടിക്കാത്ത പക്ഷം ആയത് അതാത് കാലത്തെ സി.എച്.സി മെഡിക്കൽ ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകളുടെ വിവരം 2019-2020

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04 .2019 ലെ മുന്നിരിപ്പ് | 2019-2020ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 16330 | 200000 | 216330 | പാലിയേറ്റീവ് കെയർ ( S056/ 20) | 166672 | 49658 |
| | 2019-20 | 0 | 115000 | 115000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S018/20) | 115000 | 0 |
| | 2019-20 | 0 | 100000 | 100000 | പാൽ സബ്സിഡി (S76/20) | 100000 | 0 |
| | 2019-20 | 0 | 968640 | 968640 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (ജനറൽ) | 920000 | 48640 |
| | 2018-19 | 25500 | 0 | 25500 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (ജനറൽ)- Spillover (S138/20) | 20000 | 5500 |
| | 2019-20 | 1000000 | 532750 | 1532750 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (എസ്.സി) | 460000 | 1072750 |
| | 2019-20 | 500000 | 0 | 500000 | പട്ടിക ജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥിക ൾക്ക് പഠനമുറി | 0 | 500000 |
| | | 1541830 | 1916390 | 3458220 | ആകെ | 1781672 | 1676548 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 520000 | 0 | 520000 | ലൈഫ് ഭവനം -ജില്ലാ പഞ്ചായത്ത് വിഹിതം (ജനറൽ)-S138/20 | 520000 | 0 |
| | 2018-19 | 300000 | 0 | 300000 | ലൈഫ് ഭവനം -ജില്ലാ പഞ്ചായത്ത് വിഹിതം (എസ്.സി)- S012/20 | 154706 | 145294 |

| | | | | | | |
|---|---|---|---|---|---|---|
| 2019-20 | 0 | 49650 | 49650 | പാൽ സബ്സിഡി (S180/20) | 49650 | 0 |
| 2018-19 | 300000 | 0 | 300000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S156/20) | 300000 | 0 |
| 2019-20 | 0 | 250000 | 250000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S163/20) | 250000 | 0 |
| 2019-20 | 0 | 202980 | 202980 | നെൽക്കൃഷി വികസനം (S017/20) | 202980 | 0 |
| 2018-19 | 2065000 | 0 | 2065000 | കിഴക്കം പാറ കോളനി സമഗ്ര വികസനം (S0155/20) | 410224 | 1654776 |
| 2018-19 | 795000 | 0 | 795000 | കുളവാൻകുന്ന് കോളനി വികസനം | 0 | 795000 |
| | 3980000 | 502630 | 4482630 | ആകെ | 1887560 | 2595070 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 33/20 കുടിവെള്ളപ്പൈപ്പ് ലൈൻ നീട്ടൽ | 58/16.8.19<br>27/8.7.19<br>166/30.12.19<br>242/10.02.20 | 62746<br>135907<br>307862<br>48923<br>555438 | 552405 | 3033 |
| കെ.എസ്.ഇ.ബി. | 22/20 ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റെൻഷൻ | 59/16.8.19 | 13000 | | 13000 |

മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കുവേണ്ടി നിക്ഷേപിച്ച തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകയിൽ നിലവിൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയുൾപ്പെടെയാണ് കാണിച്ചിരിക്കുന്നത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | LF | 85,83,262 | 85,83,262 | 576792 | 0 | 80,06,470 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന വായ്പ ലൈഫ് | No.511/2018 Dt.2.01.2019 | | | | | |
| | | 8583262 | | | | 80,06,470 |

അതായത് വായ്പാ തിരിച്ചടവ് തുക – 544118 + 29412 +3262 = 576792/-

വികസനഫണ്ട് (ജനറൽ), വികസനഫണ്ട്(SLP) എന്നീ ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ നിന്ന് യഥാക്രമ 544118/-രൂപയും, 29412/-രൂപയും ലൈഫ് വായ്പായിനത്തിൽ മുതൽ തിരിച്ചടവ് നടത്തിയിട്ടുണ്ട്.

.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| ആകെ | 1,46,000 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയാളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പറും തീയതിയും |
|---|---|---|---|---|
| 2017-18 | 2-4 | 9,43,020 | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് | 119010400001 07/05/2019 |
| 2017-18 | 2-1 | 1,97,272 | എക്സിക്യൂട്ടീവ് എൻജിനീയർ, എൽ .എസ്.ജി.ഡി. | 119010500069 21/05/2019 |
| 2018-19 | Audit Enquiry | 1,250 | കൃഷി ഓഫീസർ കൃഷി ഭവൻ | 119010103268 26/09/2019 |
| 2018-19 | Audit Enqiury | 242 | കോൺട്രാക്ടർ, ( Excess Amount Remitted At Treasury) | Vr.No. 21900622 04/10/2019 |
| | ആകെ | 11,41,784 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,18,03,291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,85,21,611 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ഇല്ല |
|---|---|

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 3 |
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94/ 09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/ 07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/ 28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/ 18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/ 17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/ 14.09.2009/04.12.2009 | |
| 2008-09 2009-10 2010-11 | എൽ.എഫ്.ഇ (പി.3) 942/10/ 14.09.2012/12.12.2012 | |
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14& 2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ/<br>ഇ.കെ.എം(പി11)1876/2017<br>Dtd 03.10.17 | |
| 2017-18 | കെ.എസ്.എ/<br>ഇ.കെ.എം(പി11)2079/2018<br>Dtd 08.10.18 | |
| 2018-19 | കെ.എസ്.എ/<br>ഇ.കെ.എം(പി11)1685/2019<br>Dtd 15.11.19 | |

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്